**പതിനാലാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**തൊഴിലുറപ്പ് തൊഴിലാളികൾക്ക് വർഷം നൂറ് ദിനം തൊഴിൽ**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4037 16-05-2017-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. രാജഗോപാലൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് തൊഴിലാളികൾക്ക് വർഷം നൂറ് ദിനം തൊഴിൽ നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇതുവരെയായും നൂറ് ദിവസം തൊഴിൽ നൽകാൻ കഴിയാതെ വന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. അവിദഗ്ദ്ധകായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളതും 100 ദിവസം തൊഴിൽ ആവശ്യപ്പെടുന്നതുമായ കുടുംബങ്ങൾക്കാണ് 100 ദിവസം തൊഴിൽ നൽകുന്നത്. 2016-17 സാമ്പത്തിക വർഷം ഇപ്രകാരം 1,13,192 കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്. |
| (ബി) | നൂറ് ദിനതൊഴിൽദിനങ്ങൾ എപ്പോൾ സൃഷ്ടിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | കുടുംബങ്ങൾ 100 ദിവസത്തെ തൊഴിൽ ആവശ്യപ്പെടുന്നമുറയ്ക്ക്, ആവശ്യമായ തൊഴിൽദിനങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**